Mar Thoma Residential School, Tiruvalla

IInd Terminal Examination · 2018

Std. XII — **Malayalam** — Time. 3hrs, Marks - 80

## Section A

### Question 1:-

താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുത്ത് ഉപന്യാസം തയ്യാറാക്കുക. [20]

1. കഠിനാധ്വാനമല്ല, മറിച്ച് സന്ദർഭങ്ങളാണ് ജീവിതവിജയത്തിനാധാരം — സമർത്ഥിക്കുക.
2. സമയം ഏറ്റവും വിലപ്പെട്ടതാണ്.
3. ദൃശ്യ മാധ്യമങ്ങൾ യുവജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം.
4. നമ്മുടെ രാജ്യത്തെ ഇന്ന ബാധിച്ചിട്ടുള്ള ഏതെങ്കിലും ഒരു സാമൂഹിക പ്രശ്നം വിവരിച്ച് അതിനുള്ള ഫലപ്രദമായ പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുക ?
5. ഇന്ത്യ - 2050 ൽ
6. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഒരു കഥയെഴുതുക

   a) യാത്ര b) പ്രതീക്ഷ

### Question 2:-

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. [15]

ജീവിതത്തിൽ വിഷമം വരുമ്പോൾ അതിൽ തളരുകയല്ല വേണ്ടത്. അതിനു പിന്നാലെ ഒരു [illegible]

മനസ്സിലാക്കി പ്രയത്നം തുടരാൻ നമുക്ക് കഴിയണം. അല്ലെങ്കിൽ ആ പ്രതിസന്ധിയെ നമ്മുടെ കർമ്മ-ഫലമായി സ്വീകരിക്കുവാൻ സാധിക്കണം. അതുമല്ലെങ്കിൽ ഈശ്വര നിശ്ചയമായിരിക്കാം എന്ന് കണ്ട് ആശ്വസിക്കണം. എങ്കിൽ മാത്രമേ നമുക്ക് മുന്നോട്ട് പോകുവാൻ കഴിയൂ.

വിജയത്തിന് വേണ്ടി ശ്രമിക്കുന്നവർക്ക് മാത്രമേ പരാജയത്തെയും അഭിമുഖീകരിക്കേണ്ടി വരികയുള്ളൂ. അതിനാൽ വിജയത്തിന്റെ പാതയിലെ തടസ്സങ്ങളെ പുഞ്ചിരിയോടെ നേരിട്ട് മുന്നോട്ട് പോകണം. ഒരിക്കലും അവിടെ തളർന്നിരിക്കാൻ പാടില്ല. തളർന്നിരുന്നാൽ വിജയിക്കാനാകില്ല.

ബിസിനസ്സ് ചെയ്തു വലിയ നഷ്ടത്തിലും കടക്കെണിയിലെത്തിയ ഒരു മനുഷ്യൻ ആത്മഹത്യ ചെയ്യാൻ വേണ്ടി കടപ്പുറത്തേക്കു നടന്നു. നേരം ഇരുട്ടിയതിനു ശേഷം കടലിൽ ചാടാൻ തീരുമാനിച്ച അയാൾ കടൽത്തീരത്ത് ഒരു പാറമേൽ ഇരുന്നു. അവിടെ കുട്ടികൾ തീരത്തോടു ചേർന്ന് നനഞ്ഞ കടൽമണ്ണുകൊണ്ട് വീടുകളും കൊട്ടാരങ്ങളും ഉണ്ടാക്കി കളിക്കുകയായിരുന്നു. പണി തീർന്നതിനു ശേഷം കുട്ടികൾ മാറിനിന്ന് അതിന്റെ ഭംഗി ആസ്വദിക്കും. എന്നാൽ ഇടയ്ക്കിടെ ഉയർന്നു വരുന്ന ചില തിരകൾ അവരുണ്ടാക്കിയ രൂപങ്ങളെ-വിഴുങ്ങിക്കളയും. അതു കാണുമ്പോൾ കുട്ടികൾ കൈകൊട്ടി ചിരിക്കും. തിരകൾ പിൻവാങ്ങുമ്പോൾ അവർ അതെല്ലാം വീണ്ടും ഉണ്ടാക്കിയിരിക്കും. വീണ്ടും തിരകൾ അവയെ തകർക്കും. വീണ്ടും അവരുടെ കളികൾ തുടരും.

ആ മനുഷ്യൻ അത്ഭുതത്തോടെ അതു നോക്കിനിന്നു. സൃഷ്ടിയിൽ അവർ സന്തോഷിക്കുന്നു. തകർച്ചയിൽ അവർ തളരു... ആ തകർച്ച അടുത്ത ശില്പത്തിനുള്ള

ഊർജ്ജമായി മാറുകയാണ്. അവർ കരഞ്ഞില്ല വിഷമിച്ചില്ല. പുതിയ ആവേശത്തോടെ പുതിയതുണ്ടാക്കുന്നു.

ആ മനുഷ്യൻ ചിന്തിച്ചു, "ജീവിതത്തിൽ ഒരു നഷ്ടം സംഭവിച്ചപ്പോൾ ഞാൻ ജീവിതം തന്നെ ഉപേക്ഷിക്കാൻ തീരുമാനിച്ചു. ആ കുട്ടികളുടെയത്ര വിവേകം പോലും എനിക്കില്ലേ നഷ്ടങ്ങളിൽ തളരാതെ അവർ അതിനെ നേട്ടങ്ങളാക്കി മാറ്റാൻ പ്രയത്നിക്കുന്നു. അങ്ങനെ അവർ സന്തോഷിക്കുന്നു. ജീവിതത്തിൽ പഠിക്കേണ്ട പകർത്തേണ്ടതുമായ ഒരു പാഠം". അങ്ങനെ ചിന്തിച്ചുകൊണ്ട് മരിക്കാനുള്ള തീരുമാനം ഉപേക്ഷിച്ചിട്ട് ആ മനുഷ്യൻ തിരിച്ചുപോയി. ഇതിനർത്ഥം ഒന്നും നഷ്ടപ്പെടുത്തിയിട്ട് ആഹ്ലാദിക്കുകയെന്നല്ല, പരാജയങ്ങൾക്ക് അമിത പ്രാധാന്യം നൽകാതിരിക്കുക എന്നതാണ്.

നമ്മുടെ പ്രയത്നങ്ങളെയും അവയുടെ നേട്ടങ്ങളെയും ജീവിതത്തിലെ തിരകൾ വിഴുങ്ങാം. അവയുടെ മുന്നിൽ തളരാൻ പാടില്ല. പിന്തിരിയാനും പാടില്ല. പ്രശ്നങ്ങളുടെ മുന്നിൽ തളരാൻ പാടില്ല. കൂടുതൽ പ്രയത്നിച്ച് മുന്നേറാൻ ശ്രമിക്കണം.

ഈ ഒരു കാഴ്ചപ്പാടുണ്ടായാൽ നമുക്ക് തളരാതെ നീങ്ങാൻ കഴിയും. നമ്മുടെ ജീവിതം മറ്റുള്ളവർക്കു കൂടി പ്രയോജനപ്രദമാക്കാൻ സാധിക്കും. അതിലൂടെ നിറഞ്ഞ സംതൃപ്തി അനുഭവിക്കാനാകും.

ചോദ്യങ്ങൾ:-

1. തടസ്സങ്ങളെ പുഞ്ചിരിയോടെ നേരിടേണ്ടതിന്റെ ആവശ്യകതയെന്ത്? [3]
2. ആ മനുഷ്യനെ അത്ഭുതപ്പെടുത്തിയ കാഴ്ചയെന്ത്?

3. മൺശില്പങ്ങളുടെ തകർച്ച കുട്ടികളിലുണ്ടാക്കിയ ചലനങ്ങൾ എന്താണ്? [3]

4. ആ കുട്ടികളുടെ പ്രവൃത്തികൾ അയാളിലുണ്ടാക്കിയ ചിന്തയെന്ത്?

5. ജീവിത സംതൃപ്തി അനുഭവിക്കാൻ കഴിയുന്നതെപ്പോഴാണ്?

Question 3.

a. വാക്യശുദ്ധി വരുത്തുക [2]

1. ആരാധനാലയങ്ങളിൽ ഓരോരുത്തർക്കും യഥേഷ്ടം പോലെ പെരുമാറാൻ അവകാശ

2. ദാരിദ്ര്യത്താലും രോഗങ്ങൾകൊണ്ടും എത്ര ജനങ്ങളാണ് കഷ്ടപ്പെടുന്നത്.

b. വാക്യത്തിൽ പ്രയോഗിക്കുക (ഏതെങ്കിലും രണ്ടെണ്ണം)

1. മർക്കടബുദ്ധി
2. ചിരമനയം
3. കുരിശുചുമക്കുക
4. കുറുംചില്ലാക്കളരി.

Section B.

മൂന്നു പുസ്തകത്തിൽ നിന്നുമായി ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1. ഗദ്യകൈരളി

Question 4:-

"വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സാക്ഷികളാണ്. അത് അങ്ങനെ തന്നെയിരിക്കട്ടെ

ചോദ്യങ്ങൾ:-

1. ഇങ്ങനെ പറഞ്ഞതാര്? സന്ദർഭം?

2. വെള്ളായിയപ്പനെ തളർത്തിയതെന്ത്?

3. പൊതിച്ചോറിനെക്കുറിച്ച് വെള്ളായിയപ്പൻ ഓർക്കുന്നതെന്ത്? [2½

4. അപ്പനും മകനും തമ്മിൽ രണ്ടു വാക്കുകൾക്കിടയിൽ നടന്ന വിനിമയമെന്തെല്ലാം? [2½

Question 5:-

'ഗുരുകുലം' എന്ന കഥയിലൂടെ കഥാകൃത്ത് ആവിഷ്കരിക്കാൻ ശ്രമിക്കുന്നതെന്ത്? [10
പരിശോധിക്കുക?

Question 6:-

യജമാനന്റെ ഗൃഹത്തെ മരണം വരെ സ്വാമിഭക്തിയുള്ള മൃഗം കാത്തു. വെള്ളപ്പൊക്കത്തിൽ അതിന്റെ അവസ്ഥ എങ്ങനെയായിരുന്നെന്ന് വിവരിക്കുക? [10

2. അമ്പുരവിന്ത്

Question 7

"നിങ്ങൾക്കൊക്കെ തമാശയാണ്. ഞങ്ങൾക്കൊക്കെ ഒരു ശാസ്ത്രമാണ്"

ചോദ്യങ്ങൾ:-

1. അറുമുഖൻ മരിച്ച രാത്രിയിൽ വേലു കണ്ട കാഴ്ച എന്ത്? [3]

2. അമ്മയുടെ ക്രിയാഭാഗം നടത്തുന്നതിനെക്കുറിച്ച് കുമാരേട്ടൻ പറഞ്ഞതെന്ത്? [1½

3. പുറുക്കോടത്തെ ചുമ്മുക്കുട്ടിയമ്മയെക്കുറിച്ചു വിവരിക്കുക? [3½

4. കുമാരേട്ടൻ ആരോടെന്നില്ലാതെ സംസാരിച്ചതെന്ത്? [2]

Question 8

കുഞ്ഞരയ്ക്കാർ എന്ന കഥാപാത്രത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

Question 9

"ഒരു ദേശത്തിന്റെ ചരിത്രവും കാലഘട്ടത്തി[ന്റെ] രൂപരേഖയുമാണ് എം.ടി.യുടെ അനുഭവങ്ങ[ൾ]" ചർച്ച ചെയ്യുക.

## 3. ആ മനുഷ്യൻ നീ തന്നെ

Question 10.

"വേദനയോടെയാണെങ്കിലും ആ അധ്യായ[ം] സമാപിച്ചു. ഇനി ലോകം നമുക്ക് സ്വന്തമാണ്."

ചോദ്യങ്ങൾ:-

1. അമാസ ദാവീദിനെ അറിയിച്ച പരാജയങ്ങൾ
2. ഊറിയാവിനെക്കൊണ്ട് നഗരത്തെ ദാവീദ് ശിക്ഷിക്കുന്നതെങ്ങനെ?
3. ദാവീദിന്റെ നിർദ്ദേശം കേട്ട യോവാബിന്റെ പ്രതികരണമെന്തായിരുന്നു?
4. എന്തെല്ലാം വീരസ്യങ്ങൾ പറയാനുണ്ടാ[യിരുന്നു] പറയാൻ പോകുന്ന വീരസ്യങ്ങളെന്തെല്ലാം?

Question 11

സ്ത്രീകളുടെ മനസ്സ് ചഞ്ചലമാണ്. ബെത്ത് ശേബ എന്ന കഥാപാത്രത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക?

Question 12

പാപത്തിന്റെ കൂലി മരണമാകുന്നതെങ്ങനെ? വിവരിക്കുക?